# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 739 30.06.2011 ൽ മറുപടിക്ക്

**അനധികൃതമായി പ്രവർത്തിക്കുന്ന സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ സ്കൂളുകൾക്ക് അനുമതി**

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| ശ്രീ. എ.പ്രദീപ്കുമാർ<br>ശ്രീ.ജെയിംസ് മാത്യൂ<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>ശ്രീ.പി.രാമകൃഷ്ണൻ | | | ശ്രീ.പി.കെ.അബ്ദു റബ്ബ്<br>(ബഹു:വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) | അനധികൃതമായി പ്രവർത്തിക്കുന്ന സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ സ്കൂളുകൾക്ക് അനുമതി നൽകാൻ തീരുമാനം എടുത്തിട്ടുണ്ടോ; | (എ, ബി സി, ഡി & ഇ) | എൻ.ഒ.സി സംബന്ധിച്ച് സർക്കാർ അന്തിമതീരുമാനമെടുത്തിട്ടില്ല. |
| ബി) | ഏത് തീയതിക്ക് മുൻപ് പ്രവർത്തനം ആരംഭിച്ച എത്ര സ്കൂളുകൾക്ക് എന്തെല്ലാം മാനദണ്ഡങ്ങൾക്ക് വിധേയമായി അംഗീകാരം നൽകണമെന്നാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ; ഇത് സംബന്ധമായി മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് വന്ന കൗൺസിൽ നോട്ടിന്റെ പകർപ്പ് സഭയുടെ മേശപ്പുറത്ത് വയ്ക്കുമോ; | | |

സി) ഈ തീരുമാനം സംസ്ഥാനത്ത് നിലവിൽ പ്രവർത്തിക്കുന്ന സർക്കാർ - എയ്ഡഡ് സ്കൂളുകളുടെ നിലനില്പിനെ ഏത് നിലയിൽ ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ;

ഡി) എൻ.ഒ.സി സംബന്ധിച്ച് ഹൈക്കോടതിയിലും സുപ്രീം കോടതിയിലും ഉണ്ടായ കേസുകളിൽ സംസ്ഥാന സർക്കാർ നൽകിയ സത്യവാങ്മൂലങ്ങൾക്ക് വിരുദ്ധമായ സമീപനമാണോ ഇപ്പോൾ എടുത്തിട്ടുള്ളത്; എങ്കിൽ ആയതിന് പ്രേരിപ്പിച്ച ഘടകങ്ങൾ എന്തായിരുന്നു എന്ന് വിശദമാക്കുമോ;

ഇ) ഈ നടപടിമൂലം അൺഎക്കണോമിക് സ്കൂളുകളായി കണക്കാക്കപ്പെടുന്നവയുടെ ബാഹുല്യവും ജോലി നഷ്ടപ്പെടുന്ന അദ്ധ്യാപകരുടെ പ്രൊട്ടക്ഷൻ പ്രശ്നങ്ങളും വീണ്ടും ഉയർന്നു വരുമെന്ന കാര്യം പരിഗണിച്ചിട്ടുണ്ടോ?

സെക്ഷൻ ഓഫീസർ